**THE HIGH COURT OF KERALA**

കേരള ജുഡീഷ്യൽ അക്കാദമി
അത്താണി - 683585
ഫോൺ : 0484-2476310

**No.കെ. ജെ. എ)-(5)-62/2019** **19-09-2023**

## <u>പുനർ ലേല പരസ്യം</u>

കേരള ജുഡീഷ്യൽ അക്കാദമി വളപ്പിൽ നില്ക്കുന്ന രണ്ടു തേക്ക് മരങ്ങൾ മുറിച്ച് ലേലം ചെയ്യുന്നതിലേക്കുള്ള പുനർലേലപരസ്യം. രണ്ടു തേക്ക് മരങ്ങൾ കൂടാതെ കാറ്റത്ത് മറിഞ്ഞു വീണ ഒരു വാകയും ഈ ലേലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു . ലേലം ചെയ്യുന്ന മരത്തടികൾ പട്ടിക-1ൽ കാണിച്ചിരിക്കുന്നു. ലേലം ചെയ്യുന്ന സമയം, സ്ഥലം, നിരതദ്രവ്യം തുടങ്ങിയ കാര്യങ്ങൾ പട്ടിക-2ൽ കാണിച്ചിരിക്കുന്നു . കേരള ജുഡീഷ്യൽ അക്കാദമി ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പ്രസ്തുത മരത്തടികൾ പട്ടിക-2ൽ പറഞ്ഞ സ്ഥലത്തും സമയത്തും പരസ്യമായി ലേലം ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതാണ് . അവർക്ക് പരസ്യമായി ലേലം വിളിക്കുകയോ, അല്ലെങ്കിൽ മുദ്രവച്ച ക്വട്ടേഷൻ കേരള ജുഡീഷ്യൽ അക്കാദമി കാര്യാലയത്തിൽ പട്ടിക-2ൽ പറയും പ്രകാരം സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നയാൾക്ക് പരസ്യ ലേലത്തിലും പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്നവരും നിരതദ്രവ്യമായി കാണിച്ചിരിക്കുന്ന തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ്, ("രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം" എന്ന പേരിൽ എടുക്കേണ്ടതാണ് ), ലേലത്തിന് ഒരു മണിക്കൂർ മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതും ക്വട്ടേഷൻ സമർപ്പിക്കുന്നവർ ആയത് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതുമാണ്. തപാൽ മുഖേന ക്വട്ടേഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തിന് ഈ കാര്യാലയം ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം വിളി കഴിഞ്ഞതിനു ശേഷം ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ക്വട്ടേഷൻ കൊണ്ടയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ചെയ്യും. ലേലം / ക്വട്ടേഷൻ ഉറപ്പിച്ച മുഴുവൻ തുകയും ഉടനെ തന്നെ കേരള ജുഡീഷ്യൽ അക്കാദമി ഓഫീസിൽ അടക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പു ലഭിച്ച ഉടൻ

തന്നെ ലേല വസ്തുക്കൾ അക്കാദമി വളപ്പിൽ നിന്നും മാറ്റേണ്ടതാണ്. ലേലത്തിന് ശേഷം ലേലവസ്തു അക്കാദമി വളപ്പിൽ സൂക്ഷിക്കുന്നത് ലേലം പിടിച്ച ആളുടെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ മാത്രം ആയിരിക്കും. യാതൊരു കാരണവശാലും ലേല വസ്തു നീക്കം ചെയ്യുന്നതിനുള്ള സമയം നീട്ടിത്തരുന്നതല്ല. ലേലവസ്തു നീക്കം ചെയ്തതിന് ശേഷമേ ലേലക്കാരൻറ്റെ നിരതദ്രവ്യം മടക്കിക്കൊടുക്കുകയുള്ളൂ.. ലേലം ഉറപ്പിച്ച് അറിയിപ്പ് കിട്ടി അന്നുതന്നെ ലേലവസ്തു നീക്കം ചെയ്യാത്ത പക്ഷം, ലേലം റദ്ദ് ചെയ്ത് പുനർ ലേലം ചെയ്യുന്നതും ആയതിനെ സംബന്ധിച്ച് യാതൊരു തടസ്സവാദത്തിനും ലേലക്കാരന് അവകാശമില്ലാത്തതുമാണ്. അപ്രകാരം പുനർ ലേലം ചെയ്യുന്ന പക്ഷം, നേരത്തേ ലേലം കൊണ്ട വ്യക്തി അടച്ചതായ ലേല സംഖ്യ യാതൊന്നും തന്നെ ടിയാന് മടക്കി കിട്ടുവാൻ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. ലേലം റദ്ദ് ചെയ്ത്, പുനർ ലേലം നടത്തുന്നത് മൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും മുൻ ലേലം കൊണ്ടായാൾ ഉത്തരവാദിയായിരിക്കുന്നതാണ്..

മേല്പടി നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ലേലത്തിൽ പങ്കെടുക്കുവാൻ പരിപൂർണ്ണ സമ്മതമാണെന്ന് ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി സമ്മതപത്രം എഴുതി ഒപ്പിട്ടു നൽകേണ്ടതും ആകുന്നു.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ, അക്കാദമി ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ കേരള ജുഡീഷ്യൽ അക്കാദമി കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

**<u>പട്ടിക-1</u>**

| Sl.No. | Species | BH cm | Timber QTY | Firewood QTY |
|---|---|---|---|---|
| 1. | Teak | 100 cm | 0.342 | 0.1145 |
| 2. | Teak | 115 cm | 0.495 | 0.2195 |
| 3. | Vaka | 130 cm | 0.866 | 0.337 |

**<u>പട്ടിക-2</u>**

| | | |
|---|---|---|
| പ്രവർത്തിയുടെ പേര് | 1. കേരള ജുഡീഷ്യൽ അക്കാദമി, അത്താണി ക്യാമ്പസിൽ നില്ക്കുന്ന രണ്ടു തേക്ക് മരങ്ങൾ മുറിച്ച് തടിയും ശിഖരങ്ങളും ലേലത്തിൽ നീക്കം ചെയ്യൽ,<br>2. മറിഞ്ഞു വീണ ഒരു വാക മരം ലേലത്തിൽ നീക്കം ചെയ്യൽ, | |
| നിരത ദ്രവ്യം | i) പട്ടിക-1 ൽ പറഞ്ഞിരിക്കുന്ന മരതടികൾക്ക് | ₹750/- (എഴുന്നൂറ്റമ്പത് രൂപ മാത്രം )ഡിമാൻഡ് ഡ്രാഫ്റ്റ് ആയി രജിസ്ട്രാർ ജനറൽ, |

| | | |
|---|---|---|
| | | കേരള ഹൈക്കോടതി, എറണാകുളം എന്ന പേരിൽ മാറാവുന്നത്. |
| | ii) പട്ടിക-1 ൽ പറഞ്ഞിരിക്കുന്ന വിറകുക ൾ ക്ക് | ₹100/-(നൂറ് രൂപ മാത്രം) ഡിമാൻഡ് ഡ്രാഫ്റ്റ് ആയി രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം എന്ന പേരിൽ മാറാവുന്നത്. |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി | 03 .10 .2023 ചൊവ്വ വൈകീട്ട് 4 .00 മണി വരെ | |
| ലേല സ്ഥലം | കേരള ജുഡീഷ്യൽ അക്കാദമി, അത്താണി, ആലുവ - 683585. | |
| ജി. എസ്. ടി. (പട്ടിക-1 ലെ മരതടികൾക്ക് മാത്രം ബാധകം) | ലേലത്തുകയുടെ 18 % | |
| വനവികസന നികുതി | ലേലത്തുകയുടെ 5% | |
| ലേലതീയ്യതി | 04 -10-2023 ബുധൻ | |
| ലേല സമയം | പകൽ 11.00 മണി | |

വിനോദ് കെ എസ്
അസിസ്റ്റൻറ് റജിസ്ട്രാർ
കേരള ജുഡീഷ്യൽ അക്കാദമി
കേരള ഹൈകോടതി

സ്ഥലം : അത്താണി
തീയ്യതി : 19-09-2023